*ബാബ അപരാഹ്നവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അധിക സത്സംഗമായി അവതരിപ്പിക്കുകയാണ് പ്രഫസർ അനിൽകുമാർ. പ്രശാന്തിനിലയത്തിൽ നടന്ന പല സംഭവങ്ങളും ഇതിൽ പരാമർശിക്കപ്പെടുന്നു. ഈ പ്രഭാഷണം തുടരും.*

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

**പ്രഫസർ അനിൽകുമാറിന്റെ സത്സംഗം**

**സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 45 D**

**പ്രശാന്തി സന്ദേശം ഞായർ പോഡ്കാസ്റ്റ്**
**ജൂൺ 12, 2023**

# പീഢിപ്പിക്കപ്പെടുന്നു, വേദനാപൂർണമായ സഹനം
## TORTURED, PAINFUL SUFFERING

ഓം ശ്രീ സായിരാം!

പ്രശാന്തി സന്ദേശം, സായി വിവേകമുത്തുകളിലേക്ക് സ്വാഗതം!

ശരി, നാം ബാബയുടെ ജീവിതത്തിൽ നിന്നുള്ള പാഠങ്ങൾ പഠിക്കുകയാണ്-അവിടുന്ന് നേരിട്ട വെല്ലുവിളികൾ, ആ സഹനം, ആ സംയമനം, ആ ഇളം പ്രായത്തിൽ അവിടുന്നിനുണ്ടായിരുന്ന ധൈര്യം, ഒക്കെ. അതേ തരംഗദൈർഘ്യത്തിൽ ഞാൻ തുടരട്ടെ.

അവിടുന്നിനെ ഒരു തേൾ കുത്തി എന്ന് നാം കേട്ടു. ആ തേൾദംശനത്തിനു പുറകിലുള്ള രഹസ്യം എന്താണ്? അവിടെയൊരു തേൾ തന്നെ ഉണ്ടായിരുന്നോ? അവിടുന്നിനെ ചികിത്സിച്ച നിരവധി വൈദ്യന്മാർക്കൊരാളിനും രക്തത്തിൽ വിഷം കണ്ടെത്താനായില്ല, രാജു



വൈകാരികമായി ആവേശിക്കപ്പെട്ടതാണെന്നായിരുന്നു അവരുടെ രോഗനിർണയം.

അവിടുന്നിന് ബോധം ഇടയ്ക്കിടെ വന്നും പോയും ഇരിക്കവെ, അവിടുന്ന് ശരിക്കും അവിടുത്തെ ആത്മാവല്ല എന്ന് എല്ലാവർക്കും തോന്നി. എന്നാൽ അവിടുത്തെ പെരുമാറ്റം ഒരു സാധാരണ മനോരോഗിയുടേതായിരുന്നില്ല താനും.

അന്ധവിശ്വാസത്തിൽ മുഴുകിയ ഒരു സമൂഹത്തെ സംബന്ധിച്ചിടത്തോളം, ഇത് ഏറെക്കുറെ ഒരു പ്രേതബാധ(possession) തന്നെയായിരുന്നു. ഗുണത്തിനോ ദോഷത്തിനോ, ഏതോ ആത്മാവിന്റെ ബാധ, അത് വ്യക്തമായിരുന്നില്ല. ആ കൊച്ചു ശരീരം, മാനവചരിത്രത്തിൽ വിരളമായി മാത്രം അനുഭവപ്പെട്ട അഥവാ രേഖപ്പെടുത്തപ്പെട്ട ഒരു അനുഗ്രഹം പേറുന്നതിനായി സ്വയം തയ്യാറെടുക്കുകയായിരുന്നു!

ആ പരമ സങ്കൽപം വിജയിക്കുന്നതിനും അതിന്റെ ദിവ്യ സാന്നിധ്യം വിളംബരം ചെയ്യുന്നതിന് അനുവദിക്കുന്നതിലേക്കുമായി, ആ ശരീരം എണ്ണമറ്റ രീതികളിൽ, അസംഖ്യം രീതികളിൽ, സഹിക്കേണ്ടിയിരുന്നു. അതെ! രാജു, നമ്മുടെ ബാബ, അവിടുത്തെ ധ്യാനമഗ്നത തുടർന്നു, കുടുംബത്തിന്റെ ക്ഷമ വേഗംതന്നെ കെട്ടു.



ശേഷമ്മ രാജു ഉറവക്കൊണ്ടയിൽ നിന്ന് ഒരു സന്ദേശമയച്ചു. നിങ്ങൾക്കറിയാം, ശേഷമ്മ രാജു അവിടുത്തെ സഹോദരനാണ്. രാജു ഇപ്പോൾത്തന്നെ സ്കൂളിൽ പോവാതായിട്ട് നാളുകളായി. പഠനം പുനരാരംഭിക്കേണ്ട സമയമായി. അവിടുത്തെ പിതാവ്, അവിടുത്തെ അമ്മാവൻ, ഗ്രാമത്തിലെ അറിവുള്ളവർ ഒക്കെ വളരെ ഉത്കണ്ഠാഭരിതരായി. മുതിർന്നവരിൽ ചിലർ ഒരു സ്ഥലംമാറ്റത്തിനായി ഉപദേശിച്ചു

രാജുവിനെ ഏതോ ബാധ ആവേശിച്ചതാണ് എന്ന ആശയം ഒരു കുടുംബ യോഗം ശക്തമായി ഉറപ്പിച്ചു പറഞ്ഞു, കാരണം കദ്രിയിലുള്ള ഒരു വൃദ്ധ പണ്ഡിതന് അവന്റെ ജാതകത്തിൽ നിന്ന് വെളിപ്പെട്ടതാണിത്. കദ്രി അടുത്തുള്ള പട്ടണമാണ്. കദ്രിക്കടുത്ത് താമസമുള്ള മാക്കിനേനി വെങ്കടസ്വാമിയാവണം, ഒരു പക്ഷേ, കദ്രിയുടെ അയൽഗ്രാമമായ ബ്രാഹ്മണപ്പള്ളിയിലെ പ്രസിദ്ധ പച്ചമരുന്ന് ചികിത്സകനായ മുപ്പൂർ അപ്പയ്യാസ്വാമിയെക്കുറിച്ച് രാജുവിന്റെ രക്ഷിതാക്കളെ അറിയിച്ചത്. അദ്ദേഹത്തിന് രാജുവിനെ കുറേക്കൂടി നന്നായി ചികിത്സിക്കാനാവുമെന്ന്.

കൊണ്ടമ്മ രാജു, മുത്തച്ഛൻ, മാത്രമായിരുന്നു കുറേനാൾ കൂടി കാത്തിരിക്കാം എന്നുപദേശിച്ചു കൊണ്ട്, ഇതിനെ എതിർത്ത ഒരേയൊരാൾ. അദ്ദേഹത്തിന്റെ അഭിപ്രായം ആരായാൻ ആരും മെനക്കെട്ടില്ല.
ഈ തീരുമാനമനുസരിച്ച്, അടുത്ത ബന്ധുക്കളടങ്ങുന്ന ഒരു സംഘം, രാജുവിനെ അമ്മ വഴിക്കുള്ള മാതുലനായ ചന്ദ്രമൗലി ഓടിക്കുന്ന ഒരു കാളവണ്ടിയിൽ കയറ്റി പുട്ടപർത്തി

യിൽ നിന്ന് പുറപ്പെട്ടു. അവർ പുലർച്ചെ പുട്ടപർത്തിയിൽ നിന്ന് തിരിച്ച്, ബുക്കപട്ടണം, മുഡിഗുബ്ബ വഴിക്കാണ് സഞ്ചരിച്ചത്.

മനോരോഗ ചികിത്സയ്ക്ക് വിദഗ്ധനായിരുന്ന മുപ്പൂർ അപ്പയ്യാസ്വാമി, 7-ൽ കുറയാതെ ഭ്രാന്തരെ ചികിത്സിച്ച് ഭേദപ്പെടുത്തിയ ആളെന്ന നിലയ്ക്ക് വലിയ അംഗീകാരമുള്ള ആളായിരുന്നു, ഒരു യഥാർത്ഥ ബ്രാഹ്മണനെപ്പോലെ സ്വയം വിരക്ത ജീവിതം നയിക്കുന്ന ആളായിരുന്നു അദ്ദേഹം.

പ്രത്യക്ഷമായും കഠിനഹൃദയനായ ഈ വൈദ്യൻ കൈക്കരുത്തിന്റെ പിൻബലത്തോടെ, പരുക്കനായതും ഉടനടിയുള്ളതുമായ ചികിത്സാ മുറകളാണ് പയറ്റിയത്, രാജുവിന്റെ അസുഖം ഭേദമാകുന്നതിനായി കടുത്ത മാർഗങ്ങൾ ആവശ്യമായി വരും എന്ന് അദ്ദേഹം കരുതി. എന്തൊക്കെ കാരണത്താലായാലും, അദ്ദേഹത്തിന്റെ ചികിത്സ പീഢനമായിരുന്നു.



ചികിത്സയ്ക്കായി ബാലൻ, മുപ്പൂർ അപ്പയ്യാസ്വാമിക്കൊപ്പം തങ്ങി. തുടക്കമെന്ന നിലയ്ക്ക്, ചിന്ന ഗോരപ്പ എന്നു പേരുള്ള ഒരു ബാർബർ, അയൽ ഗ്രാമത്തിലെ ഒരു ക്ഷുരകൻ, അവിടുന്നിനെ മുണ്ഡനം ചെയ്തു. രാജുവിന്റെ കരങ്ങൾ കെട്ടപ്പെട്ടു, അവൻ ഒരു കൽത്തൂണിൽ ബന്ധിക്കപ്പെട്ടു. അപ്പയ്യാസ്വാമി അവന്റെ ശിരസ്സിൽ കത്തി കൊണ്ട് നാല് ഗുണനചിഹ്നങ്ങൾ ആഴത്തിൽ വരഞ്ഞു.

ഇതിനു ശേഷം, അപ്പയ്യാസ്വാമി കുട്ടിയെ ബൊഗ്ഗ എന്നറിയപ്പെടുന്ന അടുത്തുള്ള ഒരു സ്ഥലത്തേക്ക് കൂട്ടിക്കൊണ്ടു പോയി, അവിടെ സദാ ഒരു അരുവി ഒഴുകുന്നുണ്ടായിരുന്നു, അതൊരു ചെറിയ കിണറിലാണ് ചെന്നു ചേരുന്നത്. അവനെ ഏറ്റവും താഴത്തെ പടിയിൽ ഇരുത്തി. 101 കുടം വെള്ളം കോരിയെടുത്ത് അവന്റെ ശിരസ്സിൽ മുകളിൽനിന്ന് ഒഴിച്ചു.

അടുത്തതായി, അവന്റെ ശിരസ്സിലെ ഗുണന ചിഹ്നത്തിൽ കുരുമുളകു പൊടിയും നാരങ്ങാനീരും വെളുത്തുള്ളിയും കൊണ്ട് ഉണ്ടാക്കിയ തീക്ഷ്ണമായ കുഴമ്പ് ലേപനം ചെയ്യപ്പെട്ടിട്ട്, അത് ശക്തിയായി തേച്ചുപിടിപ്പിക്കപ്പെട്ടു. മഞ്ഞൾപ്പൊടി ആവണക്കെണ്ണയിൽ ചേർത്ത് കുഴച്ച് അതിനു മുകളിലായി തേച്ചു. രാജുവിനെ അതിനുശേഷം അപ്പയ്യാസ്വാമിയുടെ ഭവനത്തിലേക്ക് കൊണ്ടുപോയി.

അവിടെ അവനെ, കഴുത്തറ്റം വരെ എരുമച്ചാണകവും പുഴുങ്ങിയ വേപ്പിലയും ഔഷധ സസ്യങ്ങളുടെ ഇലകളും നിറച്ച ഒരു കുഴിയിൽ ഒന്നര മണിക്കൂർ നേരം നിർത്തുകയുണ്ടായി. എന്നിട്ടവനെ കുളിപ്പിച്ചു, തറയിൽ കിടത്തി. വിയർക്കുന്നതുവരെ കട്ടിയുള്ള കമ്പിളി കൊണ്ട് അവനെ പൊതിഞ്ഞു, എന്നിട്ട് അവന്റെ കണ്ണിൽ കണ്മഷി തേച്ചു. ഇതിന്റെ ഫലമായി അവന്റെ കണ്ണുകളും മുഖവുമൊക്കെ നീരുവച്ച് വീർത്തു.

ഒരു കനം കുറഞ്ഞ ഇരുമ്പു ദണ്ഡ് ചെമപ്പാവുന്നതു വരെ ചുട്ടുപഴുപ്പിച്ച്, കുട്ടിയുടെ കഴുത്തിനു പുറകിലായി 3 അടയാളങ്ങളിട്ടു, പുറമെ ഓരോ കാലിലും രണ്ടും, ഓരോ കൈയിലും രണ്ടു വീതവും. ഉള്ളിൽ കഴിക്കാനുള്ള മരുന്നായി പലതരം വേരുകളിൽ നിന്ന് തയ്യാർ ചെയ്ത ഗുളികകൾ അവന് നൽകപ്പെട്ടു. ബാലൻ എല്ലാ മരുന്നും കഴിച്ചില്ല, രഹസ്യമായി അതിൽ കുറച്ച് മറ്റുള്ളവർക്ക് നൽകി. ഭയാനകമായ ആ പീഢനം നോക്കൂ! ഈ കുറിപ്പിലൂടെ കടന്നുപോകുമ്പോൾ നാം കരഞ്ഞുപോകുന്നു!

പച്ചമരുന്നു വൈദ്യന്റെ അടുക്കലേക്കുള്ള ആ സന്ദർശനം 2 ദിവസം നീണ്ടുനിന്നു. രാജുവിന്റെ നീരുവന്ന് വീർത്ത മുഖം കണ്ടിട്ട് വിഷമിച്ചുപോയ, അവിടുത്തെ സഹോദരിയായ വെങ്കമ്മ, രാജുവിനെ ആ പരമയാതനയിൽനിന്ന് മോചിപ്പിക്കുന്നതിനായി തന്റെ ഒരേയൊരു കമ്മൽ ഊരിയെടുത്ത് വൈദ്യന് നൽകുകയുണ്ടായി. നീര് കുറയുന്നതിനു പറ്റിയ ഒരു മരുന്ന് തയ്യാർ ചെയ്യുന്ന വിധം രാജു തന്റെ ബന്ധുക്കൾക്ക് പറഞ്ഞു കൊടുത്തു.

വൈദ്യന്റെ ഈ ദുഷ്ചെയ്തികൾ ഈശ്വരമ്മയെ പ്രകോപിപ്പിച്ചു. തന്റെ ഓമന മകൻ രാജു എന്തുകൊണ്ടാണിങ്ങനെ പെട്ടെന്ന് ഭീതിദമായ, വ്യാഖ്യാനിക്കാനാവാത്ത രീതികളിലേക്ക് പോയതെന്ന് അവർക്ക് മനസ്സിലാക്കാൻ കഴിഞ്ഞില്ല. അവൻ അവന്റെയാ പഴയ സ്നേഹപൂർണമായ സത്തയിലേക്ക് മടങ്ങിയിരുന്നെങ്കിൽ എന്ന് അവരാഗ്രഹിച്ചു. അവരുടെ ആഗ്രഹപൂർത്തിക്കായി, സംഘം കദ്രിയിലെ പ്രസിദ്ധമായ നരസിംഹസ്വാമി ക്ഷേത്രം സന്ദർശിച്ചു, രാജുവിന്റെ സൗഖ്യത്തിനായി പ്രാർത്ഥിച്ചു, പിന്നെ പുട്ടപർത്തിക്കുള്ള അവരുടെ മടക്കയാത്ര തുടർന്നു.



വീണ്ടും ഒരു ദുരന്തം ആഞ്ഞടിച്ചു! രാജുവിനെ ഒരു പാമ്പ് കടിച്ചു. പാമ്പിനെ ഉടനടി തല്ലിക്കൊന്നു. എന്നാൽ രാജു അതിനെ ജീവിപ്പിച്ച്, പരസ്യമായി പുറത്തിറങ്ങരുതെന്നു ശാസിച്ച്, അതിനെ അതിന്റെ വാസസ്ഥാനത്തേക്ക് തിരിച്ചയച്ചു.

വീട്ടിൽ തിരിച്ചെത്തിയ ഉടനെ, അവർ സുഖമില്ലാത്ത കുട്ടിയെ വരാന്തയിൽ കിടത്തി, അവരെല്ലാവരും ക്ഷീണം തീർക്കാനായി ഉള്ളിലേക്ക് പോയി.
രാജുവിന്റെ തല നിറയെ വടുക്കളായിരുന്നു, പേടിപ്പെടുത്തുന്ന ചികിത്സയുടെ കഥകൾ വിളിച്ചോതുന്ന വടുക്കൾ. വൈദ്യന്റെ അടുത്തേക്ക് പോയിട്ട് എന്തായി എന്നറിയാനുള്ള ആകാംക്ഷയിൽ നിരവധി സന്ദർശകർ മുമ്പുതന്നെ തടിച്ചു കൂടിയിരുന്നു. ചിലർ ഉത്കണ്ഠ പ്രകടമാക്കി, മറ്റു ചിലർ പരിഹാസപൂർവം അടക്കിച്ചിരിച്ചു.



പൊടുന്നനെ വീടിനു മുകളിലായി ഒരു വലിയ പരുന്ത് വട്ടമിട്ട് പറക്കുന്നത് എല്ലാവരും ശ്രദ്ധിക്കുകയുണ്ടായി. ഗ്രാമീണർ അതൊരു ദു:ശകുനമായി കണ്ട്, അതിനെ ആട്ടിയോടിച്ചു. ആ പക്ഷി അപ്പോൾ താണിറങ്ങി രാജുവിന്റെ ശിരസ്സിനു മുകൾഭാഗത്തായി വട്ടമിട്ടു പറന്നു. പക്ഷി മൂന്നു വട്ടം ചുറ്റിയിട്ട് പറന്നകലുന്നത് എല്ലാവരും ഭയാശങ്കകളോടെയാണ് വീക്ഷിച്ചത്. രാജുവിന്റെ ശിരസ്സിലെ മുറിവ് അപ്രത്യക്ഷമായതായി ആളുകൾ കണ്ടു. ആ വടുക്കൾ ദുരൂഹമായി മാഞ്ഞുപോയിരുന്നു.

ഈ കടന്നുപോകുന്ന സംഭവങ്ങളിൽ ആവിർഭൂതമാകുന്ന ജീവിത മാതൃകയോ സൂചനകളോ ആർക്കും തന്നെ മനസ്സിലാക്കാൻ കഴിഞ്ഞില്ല. ബുക്കപട്ടണത്തിലെ ഒരു മന്ത്രവാദിയായിരുന്ന മന്ത്ര ലക്ഷ്മണനെയും രാജുവിനെ ചികിത്സിക്കാനായി കുടുംബം ക്ഷണിച്ചു. സമ്മതിച്ചിട്ട് അയാൾ ചികിത്സിക്കാവശ്യമുള്ള സാധനങ്ങളുടെ ഒരു നീണ്ട ചാർത്ത് കുടുംബത്തിന് കൊടുക്കുകയുണ്ടായി. ലിസ്റ്റിൽ ഇല്ലാത്ത സാധനങ്ങൾ ബാബ ചൂണ്ടിക്കാണിക്കുകയുണ്ടായി, എന്നാൽ ലക്ഷ്മണൻ തന്നെ ചികിത്സിക്കുന്നതിന് ബാബ അനുവദിച്ചില്ല.
ഇക്കാലത്ത് രാജു, അവിടുത്തെ പ്രകൃതത്തിന് ഒട്ടും ചേരാത്തവിധം, വിചിത്രമായി അക്രമമാർഗത്തിലേക്ക് വഴുതിയിരുന്നു. അപാരമായ ക്ഷോഭം ഉണ്ടാവും അവന്, ശക്തിയുടെ തിരതള്ളലിൽ സാധനങ്ങളൊക്കെ പലപ്പോഴും എടുത്തെറിയും. അവന് പെട്ടെന്ന് അപാരശക്തിയുള്ള ബാധയുണ്ടായതായി ആരോപിച്ച് ആളുകൾ അവനെ അടക്കിനിർത്താൻ ശ്രമിക്കും! അക്കാലത്ത് പതിവുണ്ടായിരുന്നതുപോലെ, രാജുവിന് ഭൂതബാധയുള്ളതായി അവർ പ്രഖ്യാപിക്കുകയുണ്ടായി!

ഇതു സംഭവിക്കുമ്പോൾ, ഈശ്വരമ്മയുടെ അപേക്ഷ പ്രകാരം, അവിടുത്തെ അമ്മാവനായ ചന്ദ്രമൗലിയാണ് അവിടുത്തെ കാര്യങ്ങൾ നോക്കി നടത്തിയത്. ഒരിക്കൽ, രാജു ഭ്രാന്തമായ രീതിയിൽ പെരുമാറുന്നു എന്നു കരുതി ആളുകൾ ഏതാനും ദിവസത്തേക്ക് അവനെ

ഒരു മുറിയിൽ പൂട്ടിയിട്ടു. ജനാലയിലൂടെയാണ് ഭക്ഷണം നൽകിയിരുന്നത്. ചന്ദ്രമൗലിക്ക് ഇതിൽ വല്ലായ്മ തോന്നിയിട്ട് സ്വയം രാജുവിന് ആഹാരം കൊടുക്കാൻ ആഗ്രഹിച്ചു.

നിങ്ങൾക്കറിയാവുന്ന പോലെ, ചന്ദ്രമൗലി രാജുവിന്റെ, നമ്മുടെ ബാബയുടെ, അമ്മ വഴിക്കുള്ള മാതുലനാണ്. മറ്റുള്ളവർ എതിർത്തിട്ടും, ചന്ദ്രമൗലി വാതിൽ തുറന്ന് അകത്തു കയറി, ആഹാരം നൽകി. അതെ, വളരെ കഷ്ടപ്പെട്ടിട്ടായാലും! ഭക്ഷണം നൽകുന്നതിൽ വിജയിച്ചതു കണ്ടിട്ട്, രാജുവിന് കുറച്ച് പച്ചമരുന്നുകളും നൽകുന്നതിനായി വീട്ടുകാർ അദ്ദേഹത്തോട് അപേക്ഷിച്ചു. അത് കുറേക്കൂടി ശ്രമകരമായിരുന്നെന്ന് തെളിഞ്ഞു. രാജു സഹകരിക്കാതിരുന്നാൽ അത് കുറേക്കൂടി പ്രയാസകരമാവും. മറ്റുള്ളവർ അവനെ പിടിച്ചു വച്ചിട്ട്, ചന്ദ്രമൗലി അവന്റെ വായിലേക്ക് മരുന്ന് ഒഴിച്ചുകൊടുക്കാൻ ശ്രമിച്ചു.

രാജുവിന്റെ കൈകൾ ബന്ധിക്കപ്പെട്ടിരുന്നു, പക്ഷേ കാലുകൾ സ്വതന്ത്രമായിരുന്നു. പറന്നുള്ള ഒരൊറ്റ തൊഴിയിൽ ചന്ദ്രമൗലിയുടെ രണ്ട് പല്ലുകൾ പോയി. അദ്ദേഹത്തിന്റെ മുഖം ദിവസങ്ങളോളം നീരു വന്ന് വീർത്തിരുന്നു.




മറ്റൊരു ദിവസം, രാജു അവൻ ഇരുന്നിരുന്ന ചെറിയ പലകയ്ക്കൊപ്പം ഉയർന്ന് അന്തരീക്ഷത്തിൽ തങ്ങി നിൽക്കുന്നതാണ് ചന്ദ്രമൗലി കണ്ടത്. ആ സമയത്ത്, രാജുവിന് ഭൂതബാധയുള്ളതായി വിശ്വസിക്കപ്പെട്ടിരുന്നതിനാൽ, അതൊരു അത്ഭുതകരമായ സംഭവമായി അദ്ദേഹം കരുതിയില്ല.

ആഴ്ചകളോളം, രാജു ആരോടും സംസാരിച്ചില്ല. അവനൊരു ഉന്മാദിയായ ബാലനെപ്പോലെ പെരുമാറി. അവന്റെ ശിരസ്സ് സദാ താണിരുന്നു. അവൻ, അവന്റെ കട്ടിലിൽ നിന്ന് എണീൽക്കുമ്പോളൊക്കെ താഴെ വീണു.

പക്ഷേ അവസാനം, ഒരു ദിവസം താൻ ആഹാരം കഴിച്ചുവെന്ന് അവൻ പറഞ്ഞു, അവന്റെ കൈകളിൽ നിന്ന് വളരെ ഹൃദ്യമായ ഭക്ഷണത്തിന്റെ മണം വരുന്നുണ്ടായിരുന്നു താനും. അവൻ തന്റെ കൈപ്പടം മുറുക്കിപ്പിടിച്ചിട്ട് ഞങ്ങളോട് അത് തുറന്നുകൊള്ളാൻ പറഞ്ഞു. ഞങ്ങൾ പഠിച്ച പണി പതിനെട്ടും നോക്കി, എന്നാൽ ആർക്കും തന്നെ അത് തുറക്കാനായില്ല.

ഒടുവിൽ അവിടുന്ന് സ്വയം അത് തുറക്കുകയുണ്ടായി. ആ കൈയിൽ ഒരു പുഷ്പം, കുറച്ച് നാളികേരക്കഷ്ണങ്ങൾ, അൽപം വിഭൂതി, കുറച്ച് കൽക്കണ്ടം ഇവയുണ്ടായിരുന്നു. എന്തുകൊണ്ടാണ് ഇത്തരത്തിൽ പെരുമാറുന്നതെന്ന് മുതിർന്നവർ അവനോട് തിരക്കുകയുണ്ടായി.

“ഞങ്ങളോട് പറയൂ, നീ ആരാണ്?” അവർ ചോദിച്ചു.

“വ്യാഴാഴ്ച ദിവസം, കുളിച്ച് വീടൊക്കെ വൃത്തിയാക്കി വയ്ക്കൂ! ഞാൻ നിങ്ങളോട് പറയാം!” രാജു പറഞ്ഞു.

എന്നാൽ അവിടുന്ന് ആ ദിവസം ഞങ്ങളോട് ഒന്നും പറഞ്ഞില്ല.

രാജു, നമ്മുടെ പ്രിയ ഭഗവാൻ, അവിടുത്തെ ബാല്യകാലത്ത് കടന്നു പോന്ന ദുരിതം, പീഢനം, യാതന ഒക്കെ ഇത് വ്യക്തമാക്കുന്നു. വെല്ലുവിളികൾ നിറഞ്ഞതായിരുന്നു ആ ദിവസങ്ങളത്രയും, എന്നിരുന്നാലും പരാതികളൊന്നും കൂടാതെ അവിടുന്ന് അവ തരണം ചെയ്തു.

അടുത്ത വേള നാം തുടരും.

നിങ്ങളുടെ സമയത്തിന് നന്ദി.

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)